"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സെന്റ് റാഫേൽസ് സി.ജി. ഹൈസ്കൂളിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വിരമിച്ച ശ്രീമതി ഷീല എ.ജെ.യുടെ 2021 വർഷത്തെ ഉത്സവ ബത്ത - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.229/2026/GEDN തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. സെന്റ് റാഫേൽസ് സി.ജി. ഹൈസ്കൂൾ ഹെഡ്മിസ്ട്രസിന്റെ 16.10.2023 തീയതിയിലെ കത്ത്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.09.2024 തീയതിയിലെ ഡിജിഇ/697/2024-ഇസി4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഒല്ലൂർ സെന്റ് റാഫേൽസ് സി.ജി.എച്ച്.എസ്-ൽ നിന്നും 31.12.2020 ന് വിരമിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീമതി ഷീല എ.ജെ.യുടെ 2021-ലെ ഉത്സവ ബത്ത നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അത് അനുവദിക്കണമെന്ന് ടി സ്കൂൾ പ്രധാനാദ്ധ്യാപിക പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഒല്ലൂർ സെന്റ് റാഫേൽസ് സി.ജി.എച്ച്.എസ്-ൽ നിന്നും 31.12.2020 ന് വിരമിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീമതി ഷീല എ.ജെ.യുടെ 2021ലെ ഉത്സവബത്ത സാങ്കേതിക കാരണങ്ങളാൽ വിതരണം ചെയ്യാൻ സാധിച്ചില്ല. ടി തുകയ്ക്കുള്ള ബില്ല് തയ്യാറാക്കുകയോ ട്രഷറിയിൽ നിന്നും തുക മാറി നൽകുകയും ചെയ്തിട്ടില്ല എന്നും പ്രധാനാധ്യാപിക ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 2020-21 ലെ ഉത്സവബത്ത അനുവദിച്ച 13.08.2021 ലെ സ.ഉ(അച്ചടി) നം.115/2021/ധന പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ശ്രീമതി ഷീല എ.ജെ.യ്ക്ക് 6 മാസത്തിൽ കൂടുതൽ തുടർച്ചയായ സേവനം ഉണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി ഷീല. എ.ജെ.ക്ക് 2021 ലെ ഉത്സവബത്ത അനുവദിച്ച് നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21-ലെ ഉത്സവ ബത്ത (2,750/- രൂപ) പിൻവലിക്കേണ്ട കാലയളവ് 31.03.2022-ൽ അവസാനിച്ചതിനാൽ ശ്രീമതി ഷീല എ.ജെ.യുടെ 2021-ലെ ഉത്സവബത്ത അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീമതി ഷീല എ.ജെ., ഓഫീസ് അറ്റൻഡന്റ്(Rtd), സെന്റ് റാഫേൽസ് സി.ജി.എച്ച്.എസ്.

(ഹെഡ്മിസ്ട്രസ് മുഖേന)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ഹെഡ്മിസ്ട്രസ്, സെന്റ് റാഫേൽസ് സി.ജി.എച്ച്.എസ്., ഒല്ലൂർ - 680 306
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 08-01-2026 16:36:02
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറിയുടെ സി.എ.യ്ക്ക്